ജി(2)96942/19

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി 20/08/19

**സർക്കുലർ നമ്പർ 32/19**

വിഷയം സഹകരണ വകുപ്പ്- കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് ഭേദഗതി-സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പയ്ക്ക് കടാശ്വാസം - സംബന്ധിച്ച്

പരാമർശം 1) 06.12.2010 ലെ സ.ഉ(പി) 91/2010/മ‌ഉവ നമ്പർ ഉത്തരവ്
2) സഹകരണ സംഘം രജിസ്ട്രാറുടെ 1/2011, 12/2011, 88/2011, 31/2012, 20/2016 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ
3) 2018 ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ആക്ട്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിരുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സൂചന(2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ആക്ട് പരാമർശം(3) പ്രകാരം നിലവിൽ വന്നിട്ടുണ്ട്.

സംസ്ഥാനത്തിലെ മത്സ്യത്തൊഴിലാളികൾ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31.12.2007 വരെ എടുത്തിട്ടുള്ള കടങ്ങൾ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി പരിഗണിച്ചിരുന്നു. ആയതിൽ വായ്പ തീയതി 31.12.2007 എന്നത് 31.12.2008 ആയി ഉയർത്തി പരാമർശം(3) പ്രകാരം കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ഭേദഗതി ആക്ട് ഭേദഗതി വരുത്തിയിരിക്കുന്നു.

കൂടാതെ കടൽക്ഷോഭമോ, മറ്റ് ദുരന്തങ്ങൾ മൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പകളുടെ തീർപ്പാക്കൽ വ്യവസ്ഥ പരാമശം(3) പ്രകാരം കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതു പ്രകാരം ദുരിതബാധ പ്രദേശത്തെയോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ, കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾ മൂലമോ നഷ്ടമോ കേടുപാടുകൾ തീർക്കാനാവാത്തവിധം അവയ്ക്ക്

നാശമോ ഉണ്ടായതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടറി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നപക്ഷം, കടാശ്വാസത്തിന്റെ പരിധി കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് കമ്മീഷന് സർക്കാറിനോട് ശുപാർശ ചെയ്യാവുന്നതാണ്.

കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കടം ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ, കടാശ്വാസത്തിന് അർഹതയില്ല എന്ന് കമ്മീഷൻ കണ്ടെത്തുന്നതുവരെയോ, മത്സ്യത്തൊഴിലാളി അടച്ചു തീർക്കേണ്ട കുടിശ്ശിക തുക വസൂലാക്കുന്നതിന് ഉത്തമർണ്ണസ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ യാതൊരാളും യാതൊരു നടപടിയും അങ്ങനെയുള്ള മത്സ്യത്തൊഴിലാളിക്ക് എതിരായി പുതുതായി എടുക്കുവാൻ പാടില്ലാത്തതും, അങ്ങനെ ആരംഭിച്ചതോ, നടത്തിവരുന്നതോ ആയ ഏതെങ്കിലും വ്യവഹാരമോ അപേക്ഷയോ അപ്പീലോ ഹർജിയോ മറ്റ് നടപടിയോ ഉണ്ടെങ്കിൽ ആയത് നിർത്തി വയ്ക്കേണ്ടതുമാണ്.

നഷ്ടപ്പെട്ടതോ കേടുപാടുകൾ തീർക്കാനാവാത്തവിധം നാശം സംഭവിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം പുതിയവ സ്വായത്തമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് കമ്മീഷന് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് ഉത്തരവ് നൽകാവുന്നതും ആയതിൻ പ്രകാരം ബന്ധപ്പെട്ട സംഘം പുതിയ വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ സർക്കുലർ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർ, അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർ/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർ എന്നിവർ എല്ലാ സഹകരണ സംഘങ്ങളുടേയും/ബാങ്കുകളുടേയും ശ്രദ്ധയിൽകൊണ്ടു വരേണ്ടതാണ്

ഒപ്പ്
ഡോ.പി.കെ.ജയശ്രീ. ഐ എ എസ്
സഹകരണ സംഘം രജിസ്ട്രാർ

1) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
2) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്

3) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
4) സെക്രട്ടറി, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ
5) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
6) ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
7) എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ മാർക്കും
8) അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ & ആഡിറ്റ്) മാർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
9) സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ
10) ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
11) അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യേഷൻ ഓഫീസർ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
12) സ്റ്റോക്ക് ഫയൽ/ സ്പെയർ
13) വെബ് സൈറ്റ്

അംഗീകാരത്തോടെ

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2018 ഡിസംബർ 27<br>27th December 2018<br>1194 ധനു 12<br>12th Dhanu 1194<br>1940 പൌഷം 6<br>6th Pousha 1940 | നമ്പർ<br>No. | 3273 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ഐ) വകുപ്പ്

### വിജ്ഞാപനം

*2018 ഡിസംബർ 27*
നമ്പർ 21677/ലെഗ്.ഐ1/2018/നിയമം. *തിരുവനന്തപുരം,* *1194 ധനു 12*
*1940 പൌഷം 6.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2018 ഡിസംബർ 26-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വിജയകുമാർ. റ്റി,
*നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/4832/2018/S-24.

2018-ലെ 38-ാം ആക്റ്റ്

## 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ്

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് (2008-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2018 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 5-ാം വകുപ്പിന്റെ ഭേദഗതി.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2008-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 5-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ (ഐ) ഇനത്തിൽ "കൂടാതെ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) (1)-ാം ഉപവകുപ്പിലെ (ജെ) ഇനത്തിന് പകരം താഴെ പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) 9എ വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള മത്സ്യത്തൊഴിലാളികളുടെ വായ്പാ തുക സർക്കാർ ഏറ്റെടുക്കുന്നതിന് ശിപാർശ ചെയ്യുന്നതിനും;

(കെ) 9എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് ഉത്തരവ് നൽകുന്നതിനും; കൂടാതെ

(എൽ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും അത്തരം മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്നതിനും.";

(iii) (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"(7) (2)-ാം ഉപവകുപ്പിലെയോ 9എ വകുപ്പിലെയോ 11-ാം വകുപ്പിലെയോ ഏതെങ്കിലും വ്യവസ്ഥയ്ക്കോ, അങ്ങനെയുള്ള വ്യവസ്ഥകൾ പ്രകാരം സർക്കാരോ കമ്മീഷനോ പുറപ്പെടുവിക്കുന്ന ഉത്തരവിനോ അവാർഡിനോ എതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി, ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ ഏതൊരാളും സ്വീകരിച്ചാൽ അയാൾക്കെതിരെ അച്ചടക്ക നടപടി ശിപാർശ ചെയ്യുന്നതിനും ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിനോ, പിഴ ചുമത്തുന്നതിനോ, പ്രോസിക്യൂഷൻ നടപടികൾ ശിപാർശ ചെയ്യുന്നതിനോ മുൻപ് ബന്ധപ്പെട്ട വ്യക്തിക്ക്, അയാൾക്ക് ബോധിപ്പിക്കാനുള്ളത് കമ്മീഷന് മുമ്പാകെ ബോധിപ്പിക്കാൻ ന്യായമായ അവസരം നൽകേണ്ടതും, ഇത്തരം നടപടികൾ സ്വീകരിക്കുന്നതിനായി 8-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ബെഞ്ചിൽ കമ്മീഷൻ ചെയർപേഴ്സൺ സന്നിഹിതനായിരിക്കേണ്ടതുമാണ്.".

3. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ "2007 ഡിസംബർ 31" എന്ന അക്കങ്ങൾക്കും വാക്കിനും പകരം "2008 ഡിസംബർ 31" എന്ന അക്കങ്ങളും വാക്കും ചേർക്കേണ്ടതാണ്.

4. 9എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"9എ. <u>കടൽക്ഷോഭമോ, മറ്റ് ദുരന്തങ്ങൾമൂലമോ നാശനഷ്ടം സംഭവിച്ച മത്സ്യബന്ധന ഉപകരണങ്ങൾക്കായി എടുത്ത വായ്പകളുടെ തീർപ്പാക്കൽ.</u>— (1) ഈ ആക്റ്റിൽ ഇതിനു വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ദുരിതബാധിത പ്രദേശത്തെയോ അല്ലാത്തതോ ആയ മത്സ്യത്തൊഴിലാളി ഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലയ്ക്കോ പരമ്പരാഗതമോ യന്ത്രവൽകൃതമോ ആയ യാനങ്ങൾക്കോ, കടൽക്ഷോഭമോ മറ്റ് ദുരന്തങ്ങൾമൂലമോ നഷ്ടമോ കേടുപാടുകൾ തീർക്കാനാവാത്തവിധം അവയ്ക്ക് നാശമോ ഉണ്ടാവുകയോ ചെയ്തിട്ടുള്ളതായി ജില്ലയിലെ ബന്ധപ്പെട്ട ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നപക്ഷം, വായ്പ തിരിച്ചടവ് സംബന്ധിച്ച കടാശ്വാസത്തിന്റെ പരിധി കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പരമാവധി തുകയിൽ കവിയാതെ ഏറ്റെടുക്കുന്നതിന് കമ്മീഷന് സർക്കാരിനോട് ശിപാർശ ചെയ്യാവുന്നതാണ്.

(2) നഷ്ടപ്പെട്ടതോ കേടുപാടുകൾ തീർക്കാനാവാത്തവിധം നാശം സംഭവിച്ചതോ ആയ മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം പുതിയവ സ്വായത്തമാക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് പുതിയ വായ്പ അനുവദിക്കുന്നതിന് കമ്മീഷന് ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിന് ഉത്തരവ് നൽകാവുന്നതും ആയതിൻപ്രകാരം ബന്ധപ്പെട്ട സംഘം പുതിയ വായ്പ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടം ഏറ്റെടുത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെയോ, കടാശ്വാസത്തിന് അർഹതയില്ലായെന്ന് കമ്മീഷൻ കണ്ടെത്തുന്നതു വരെയോ, മത്സ്യത്തൊഴിലാളി അടച്ചു തീർക്കേണ്ട കുടിശ്ശിക തുക വസൂലാക്കുന്നതിന് ഉത്തമർണ്ണ സ്ഥാപനം, ധനകാര്യ സ്ഥാപനം എന്നിവ ഒഴികെ യാതൊരാളും യാതൊരു നടപടിയും അങ്ങനെയുള്ള മത്സ്യത്തൊഴിലാളിക്ക് എതിരായി പുതുതായി എടുക്കാൻ പാടില്ലാത്തതും, അങ്ങനെ ആരംഭിച്ചതോ, നടത്തിവരുന്നതോ ആയ ഏതെങ്കിലും വ്യവഹാരമോ അപേക്ഷയോ അപ്പീലോ ഹർജിയോ മറ്റു നടപടിയോ ഉണ്ടെങ്കിൽ ആയത് നിർത്തിവയ്ക്കേണ്ടതുമാണ്.

വിശദീകരണം.—"മത്സ്യത്തൊഴിലാളി ഗ്രാമം" എന്നാൽ 1980-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ ആക്റ്റിലെ (1981-ലെ 7-ാം ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ഒരു മത്സ്യബന്ധന ഗ്രാമം എന്നർത്ഥമാകുന്നു.".

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 53) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

**Law (Legislation-I) Department**

NOTIFICATION

No. 21677/Leg.I1/2018/Law. *27th December, 2018*
*Dated, Thiruvananthapuram, 12th Dhanu, 1194*
*6th Pousha, 1940.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Fishermen Debt Relief Commission (Amendment) Act, 2018 (38 of 2018).

By order of the Governor,

VIJAYAKUMAR. T,
*Special Secretary (Law).*

[Translation in English of the "2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 38 OF 2018

## THE KERALA FISHERMEN DEBT RELIEF COMMISSION (AMENDMENT) ACT, 2018

*An Act further to amend the Kerala Fishermen Debt Relief Commission Act, 2008.*

*Preamble.*—WHEREAS, it is expedient further to amend the Kerala Fishermen Debt Relief Commission Act, 2008 (18 of 2008) for the purposes hereinafter appearing;

BE it enacted in the Sixty-ninth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Fishermen Debt Relief Commission (Amendment) Act, 2018.

(2) It shall be deemed to have come into force on the 20th day of October, 2018.

2. *Amendment of section 5.*—In the Kerala Fishermen Debt Relief Commission Act, 2008 (18 of 2008) (hereinafter referred to as the principal Act), in section 5,—

(i) in clause (i) of sub-section (1), the word "and" shall be omitted;

(ii) for item (j) of sub-section (1), the following items shall be substituted, namely:—

"(j) to recommend the Government to take over the debt of fishermen under sub-section (1) of section 9A;

(k) to issue orders to the Fishermen Co-operative Society for sanctioning new loan to fishermen, under sub-section (2) of section 9A; and

(l) to perform such other functions and exercise such other powers, as may be prescribed.";

(iii) After sub-section (6), the following sub-section shall be added, namely:—

"(7) If any person, other than institutional creditor and financial institution, takes any action against any provision of sub-section (2) or section 9A or section 11 or any order or award issued by the Government or the Commission under such provisions, the Commission shall have the power to recommend disciplinary action against him and impose a fine not exceeding one lakh rupees and to recommend to the Government to take prosecution proceedings:

Provided that before taking disciplinary action or imposing fine or recommending prosecution proceedings, the person concerned shall be given a reasonable opportunity of being heard before the Commission and the Commission Chairperson shall be present in the bench constituted under sub-section (4) of section 8 to initiate such proceedings.".

3. *Amendment of section 6.*—In sub-section (2) of section 6 of the principal Act, for the figures and words "31st day of December, 2007" the figures and words "31st day of December, 2008" shall be substituted.

4. *Insertion of new section 9A.*—After section 9 of the principal Act, the following section shall be inserted, namely:—

"9A. *Settlement of loans taken for fishing equipments that are damaged due to sea erosion or other disasters.*—(1) Notwithstanding anything contained contrary to this in this Act, if the Fisheries Deputy Director concerned reports to the Commission that the net or traditional or mechanised vessels used for fishing by the fishermen in the fishing villages of disaster affected area or otherwise, is lost or irrepairably damaged due to sea erosion or other disasters, the Commission may recommend to the Government to take over the debt not exceeding the maximum amount fixed from time to time through Gazette Notification regarding repayment of loan.

(2) The Commission may issue orders to the Fishermen Co-operative Society concerned for granting new loan to the fishermen for acquiring new fishing equipments for replacing the lost or irrepairably damaged and accordingly the society concerned shall take steps for granting new loan.

(3) No person other than institutional creditor and financial institution shall take any fresh steps against the fisherman for the recovery of the arrears to be paid by such fisherman until the Government issue orders taking over the debt on the basis of the recommendation of the Commission under sub-section (1), or the Commission finds that not eligible for debt relief and any suit, application, appeal, petition or any other action initiated or being proceeded shall be kept in abeyance.

*Explanation.*—"Fishing Village" means a fisheries Village notified under section 3 of the Kerala Fishermen Welfare Societies Act, 1980 (Act 7 of 1981).".

5. *Repeal and saving.*—(1) The Kerala Fishermen Debt Relief Commission (Amendment) Ordinance, 2018 (53 of 2018) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act, as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

33/4832/2018/S-24.